**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** **06-02-2023 - ൽ മറുപടിയ്ക്ക്**

**ദേശീയോദ്യാനങ്ങളുടെയും വന്യമൃഗസങ്കേതങ്ങളുടെയും അതിർത്തിയിലെ നിയന്ത്രണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എം. എം. മണി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2011-ൽ കേന്ദ്ര സർക്കാർ രൂപീകരിച്ച മാനദണ്ഡങ്ങൾക്കനുസൃതമായ നിയന്ത്രണങ്ങൾ ദേശീയോദ്യാനങ്ങളുടെയും വന്യമൃഗസങ്കേതങ്ങളുടെയും അതിർത്തിയിൽ നിന്നും ഒരു കിലോ മീറ്റർ ചുറ്റളവിൽ ഏർപ്പെടുത്തണമെന്ന് 2022 ജൂൺ മാസത്തിൽ സുപ്രീം കോടതി ഉത്തരവിട്ടത് സംസ്ഥാനത്തെ മലയോര ജില്ലകളിലെ ജനങ്ങളിൽ സൃഷ്ടിച്ച ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശങ്ക അകറ്റുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിലെ ആശങ്ക അകറ്റുന്നതിനും പൊതുജന താൽപ്പര്യാർത്ഥവും സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററിനെ (KSREC) ചുമതലപ്പെടുത്തി.<br><br>സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ, ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള ESZ പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചു.<br>ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-09-2020-ന് ചേർന്ന യോഗതീരുമാനപ്രകാരം വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് |

സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹു. സുപ്രീം കോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സർക്കാർ ഉത്തരവ് 44/2022/വനം നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്ത് നിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്.

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ KSREC കരട് പഠന റിപ്പോർട്ട് അവതരിപ്പിക്കുകയും ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റീസ് തോട്ടത്തിൽ രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ ലഭ്യമാക്കിയ പഠന റിപ്പോർട്ട് ആവശ്യമായ തുടർനടപടികൾക്കായി അഡ്വക്കേറ്റ് ജനറലിന് 01-09-2022-ൽ സമർപ്പിച്ചിരുന്നു.

വിദഗ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ്

| | | | |
|---|---|---|---|
| | | | സെൻറർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/ വില്ലേജ് തല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്ത രൂപവും, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/ അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ /നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ആയത് ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും KSREC ന്റെ അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്പ് ലോഡ് ചെയ്തിട്ടുമുണ്ട്. ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സുപ്രീം കോടതി നിർദ്ദേശാനുസരണമുള്ള ഉപഗ്രഹ സർവേയോടൊപ്പം നേരിട്ടുള്ള സർവേ കൂടി നടത്താൻ തീരുമാനിച്ചത് വഴി ജനങ്ങളുടെ ആശങ്കയകറ്റാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിലാണ് KSREC നടത്തിയ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിച്ചത്. ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു |

വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിച്ചു.
 വിദഗ്ദ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിൻറെ പഞ്ചായത്ത്/ വില്ലേജ് തല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്ത രൂപവും, ജനവാസ മേഖലകളെയും സർക്കാർ/ അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ / നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ആയത് ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുഇൽ നിന്നും വനം വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും KSREC ന്റെ അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്പ് ലോഡ് ചെയ്തിട്ടുമുണ്ട്. ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളിലൂടെ ടി വിഷയത്തിൽ ജനങ്ങളുടെ

| | | | |
|---|---|---|---|
| | | | ആശങ്കയകറ്റാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തലാണുള്ളത്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിലുള്ള കേസിൽ സംസ്ഥാന സർക്കാർ കക്ഷി ചേർന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹു. സുപ്രീം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ